2010, ഖുത്ബ നമ്പര് - 45

بسم الله الرحمن الرحيم

05.11.2010
ബൈതുൽ ഫുതൂഹ്
ലണ്ടൻ

# തഹ്‌രീകെ ജദീദിന്റെ നവവത്സര പ്രഖ്യാപനം

ثُمَّ لَا يُتْبِعُونَ مَا أَنْفَقُوا مَنًّا وَلَا أَذًى لَهُمْ أَجْرُهُمْ عِنْدَ رَبِّهِمْ وَلَا خَوْفٌ عَلَيْهِمْ وَلَا هُمْ يَحْزَنُونَ ﴿٢٦٣﴾
الَّذِينَ يُنْفِقُونَ أَمْوَالَهُمْ بِاللَّيْلِ وَالنَّهَارِ سِرًّا وَعَلَانِيَةً فَلَهُمْ أَجْرُهُمْ عِنْدَ رَبِّهِمْ وَلَا خَوْفٌ عَلَيْهِمْ وَلَا هُمْ يَحْزَنُونَ ﴿٢٧٥﴾

അല്ലാഹുവിന്റെ മാർഗ്ഗത്തിൽ തങ്ങളുടെ ധനം ചെലവ് ചെയ്യുകയും പിന്നീട് അതിനെ തുടർന്ന് തങ്ങൾ ചെലവ് ചെയ്തത് (അത് സ്വീകരിച്ച വരോട്) ഔദാര്യമായി എടുത്ത് പറയാതിരിക്കുകയും അവരുടെ മനസ്സ് വേദനിപ്പിക്കാതിരിക്കുകയും ചെയ്യുന്നവർക്ക് അവരുടെ നാഥന്റെ പക്കൽ അവരുടെ പ്രതിഫലമുണ്ട്.അവർക്ക് യാതൊരുവിധ ഭയവും ഉണ്ടായിരിക്കുകയില്ല. അവർ ദുഃഖിക്കുന്നവരുമല്ല.

രഹസ്യമായും പരസ്യമായും അല്ലാഹുവിന്റെ മാർഗ്ഗത്തിൽ രാവും പകലും തങ്ങളുടെ ധനം ചെലവ് ചെയ്യുന്നവർ,അവർക്ക് അവന്റെ നാഥന്റെയടുക്കൽ അവരുടെ പ്രതിഫലമുണ്ട്. അവർക്ക് യാതൊരു ഭയ വുമുണ്ടായിരിക്കുകയില്ല. അവർ ദുഃഖിതരാവുകയുമില്ല.

അല്ലാഹു വിശുദ്ധഖുർആനിൽ ആദ്യം മുതൽ അവസാനം വരെ പല സ്ഥലങ്ങളിലായി വിശ്വാസികളെ തന്റെ മാർഗ്ഗത്തിൽ ധനത്യാഗം ചെയ്യു ന്ന കാര്യത്തിലേക്ക് ശ്രദ്ധ തിരിക്കുകയും, ഒരു വിശ്വാസി അല്ലാഹുവിന്റെ മാർഗ്ഗത്തിൽ ധനം ചെലവഴിക്കുന്നത് കൊണ്ട് അവന് ലഭിക്കുന്ന പ്രയോ ജനങ്ങളെക്കുറിച്ച് വിവിധ രീതികളിലായി പരാമർശിക്കുകയും ചെയ്തി രിക്കുന്നു. എന്നാൽ അല്ലാഹുവിന്റെ മാർഗ്ഗത്തിൽ ചെയ്യപ്പെടുന്ന ത്യാഗ ങ്ങൾ അവന്റെ പ്രീതി കരസ്ഥമാക്കാൻ വേണ്ടി മാത്രമായിരിക്കണം എന്ന താണ് നിബന്ധന. മറ്റൊരു ഉദ്ദേശ്യവും ഉണ്ടാവാൻ പാടില്ല. മറ്റൊരു സ്ഥലത്ത് പറയുന്നു. وَمَا تُنْفِقُونَ إِلَّا ابْتِغَاءَ وَجْهِ اللَّهِ അല്ലാഹുവിന്റെ പ്രീതി കാംക്ഷിച്ചുകൊണ്ടല്ലാതെ നിങ്ങൾ ചെലവഴിക്കുന്നില്ലല്ലോ. അത് കൊണ്ട് ധനം ചെലവഴിക്കുന്നയാൾ യഥാർത്ഥ സത്യവിശ്വാസിയാണെ ങ്കിൽ താൻ ചെലവഴിക്കുന്നതിന് മുമ്പായി അല്ലാഹുവിന്റെ ഇഷ്ടം ഏതാണെന്ന് നോക്കുന്നു. അല്ലാഹുവിന്റെ തൃപ്തി കൈവരിക്കാൻ സാധിക്കാത്ത കാര്യങ്ങൾക്കായി വിശ്വാസി ചെലവഴിക്കുകയില്ല. ഇത്തരം കാര്യങ്ങളെക്കുറിച്ച് നാം മനസ്സിലാക്കുകയാണെങ്കിൽ, ജമാഅത്തിന്റെ പുരോഗതിക്കും വ്യക്തിപരമായ പുരോഗതിക്കും പുറമേ വീടുകളിൽ ഭാര്യാഭർതൃബന്ധങ്ങളിലുള്ള പ്രശ്നങ്ങളിൽ നിന്നും രക്ഷ നേടാൻ കഴി യുന്നു. ഭർത്താവും ഭാര്യയും പരസ്പരം പരാതികൾ ഉന്നയിക്കുന്നു. എനിക്ക് ഇന്ന വസ്തുക്കൾ കൊണ്ട് വന്ന് തന്നില്ല എന്ന് ഭാര്യ പരാതി പ്പെടുമ്പോൾ, ഭർത്താവ് പറയുന്നു. ഇവൾ തന്റെ സ്ഥാനത്തെ മറികട ക്കുകയാണ്. എന്നെ ഇവൾ ദരിദ്രനാക്കിയിരിക്കുന്നു, എന്നിങ്ങനെ യുള്ള പ്രശ്നങ്ങൾ കാരണം വീടുകളിൽ ദിനം തോറും കലഹങ്ങളു ണ്ടാകുകയും ഇത് വീടി ന്റെ സമാധാനം നഷ്ടപ്പെടുത്തുന്നതോടൊപ്പം മക്കളുടെ ശിക്ഷണകാര്യങ്ങളേയും വല്ലാതെ ബാധിക്കുന്നു. പല പ്രശ്ന ങ്ങളിലും സ്ത്രീകളും പരാതിപ്പെടാറുണ്ട്. അതായത് ഭർത്താവ് സമ്പാ ദിക്കുന്നുവെങ്കിലും സുഹൃത്തുക്കൾക്കിടയിൽ അനാവശ്യമായി ചെല വഴിക്കുന്നു. അല്ലെങ്കിൽ തന്റെ മാത്രം കാര്യങ്ങൾ ശ്രദ്ധിക്കുന്നു. വീട്ടു ചെലവുകൾക്കായി കുറച്ച് മാത്രം നൽകുന്നുവെന്നുള്ള പരാതി, ഇത് ക്രമേണ ഗൃഹാന്തരീക്ഷം അശുദ്ധകരമാകുന്നതിന് കാരണമാകുന്നു. എന്നാൽ അല്ലാഹുവിന്റെ തൃപ്തിയെ മുന്നിൽ കണ്ട്കൊണ്ട് ചെലവ് ചെയ്യുകയാണെങ്കിൽ വീടുകളിലെ സമാധാനം നിലനിൽക്കുന്നതോ ടൊപ്പം തന്നെ കുട്ടികളുടെ ശിക്ഷണം നല്ല രീതിയിൽ നടക്കുകയും വരുമാനത്തിൽ കൂടുതൽ അനുഗ്രഹങ്ങളുണ്ടാവുകയും അല്ലാഹു വിന്റെ മാർഗ്ഗത്തിലും ജമാഅത്തിന് വേണ്ടിയും കൂടുതൽ കൂടുതൽ ത്യാഗം ചെയ്യുന്ന കാര്യത്തിൽ ശ്രദ്ധയുണ്ടാവുകയും ചെയ്യുന്നു. നിങ്ങ ളുടെ ധനത്തിൽ നിങ്ങൾക്കും ഭാര്യാമക്കൾക്കും നിങ്ങളുടെ സംരക്ഷ ണത്തിൽ കഴിയുന്നവർക്കും അവകാശമുണ്ടെന്നത് ശരി തന്നെ, എന്നാൽ മദ്ധ്യമനില കൈവരിക്കുകയും അല്ലാഹുവിന്റെ തൃപ്തി മുന്നിൽ കാണുകയും ചെയ്യുകയാണെങ്കിൽ വീട്ടുകാരോടുള്ള കർത്തവ്യം പാലിക്കാൻ സാധിക്കുന്നതോടൊപ്പം തന്നെ അല്ലാഹുവിന്റെ മാർഗ്ഗത്തിൽ ധനത്യാഗം ചെയ്യാനുള്ള ശ്രദ്ധയുമുണ്ടാവുന്നു.

അല്ലാഹുവിന്റെ അനുഗ്രഹത്താൽ നമ്മുടെ ജമാഅത്തിൽ കുറഞ്ഞ വരുമാനമുള്ള വലിയൊരു വിഭാഗം ആളുകളുണ്ട്. എന്നാൽ വീട്ടിലെ ചെലവുകളോടൊപ്പം തന്നെ അല്ലാഹുവിന്റെ മാർഗ്ഗത്തിലും ധനം ചെലവ് ചെയ്യണം എന്ന് അവർക്കറിയാം. എന്നാൽ നല്ല സൗകര്യവും കൂടുതൽ വരുമാനവുമുള്ള ചിലർ സ്വന്തം ആവശ്യങ്ങൾ നിറവേറ്റു കയും അതിന്നായി ചിന്തിക്കുക യും ചെയ്യുന്നുവെങ്കിലും ഇവർ ചന്ദ നൽകുന്ന കാര്യത്തിൽ കുറഞ്ഞ വരുമാനമുള്ളവരേക്കാളും പിന്നിലാ ണ്. അല്ലെങ്കിൽ അവരോടൊപ്പമെത്താൻ ഇവർക്ക് കഴിയുന്നില്ല. അധികവരുമാനമുള്ള എല്ലാവരും അത്തരക്കാരാണ് എന്നല്ല ഞാൻ പറ യുന്നത്. ചില ഉദാഹരണങ്ങൾ മാത്രമാണ് ഞാൻ നൽകിയത്. അഹ്മദി കളായ നമ്മുടെയിടയിലുള്ളവർ തങ്ങളുടെ വരുമാനത്തിൽ നിന്ന് സ്വന്തം ആവശ്യങ്ങൾക്കായി കുറഞ്ഞ രീതിയിൽ മാത്രം എടുത്ത് കോടി ക്കണക്കിന് രൂപ അല്ലെങ്കിൽ ആയിരക്കണക്കിന് ഡോളറോ,പൗണ്ടോ ജമാഅത്തിന്റെ പദ്ധതികൾ ക്കായി നൽകുന്നു. ഇവരെക്കുറിച്ച് ഞാൻ ഇതിന് മുമ്പും പറഞ്ഞിട്ടുണ്ട്. ഞങ്ങൾ ഇത്ര തുക തരാനാഗ്രഹിക്കു ന്നു എന്ന് പറയാനായി പിന്നാലെ നടക്കുന്നു. ഞങ്ങൾ വർഷം മുഴു വനും മിച്ചംവച്ചത് ഈ ഒരു ഉദ്ദേശ്യത്തിന് വേണ്ടി മാത്രമാണന്നും ഞങ്ങ ളിത് എവിടെയാണ് നൽകേണ്ടതെന്നും ചോദിക്കുമ്പോൾ പിന്നീട് കാര്യ ങ്ങൾ ചിന്തിച്ച് ഈ വർഷം ഇന്ന പദ്ധതിക്കായി നൽകുക, ഈ വർഷം ആവശ്യമുള്ള സ്ഥലത്ത് നൽകുക എന്ന് അവരോട് പറയേണ്ടതായി വരു ന്നു. ഇവർ തങ്ങളുടെ ചന്ദകളിലും വാഗ്ദാനങ്ങളിലും പദ്ധതികളിലും ഭാഗഭാക്കായതിന് ശേഷവും മിച്ചമുള്ള തുക ദീനീകാര്യങ്ങൾക്കായി നൽകുന്നു. ഇവർ എപ്പോഴും അല്ലാഹുവിന്റെ തൃപ്തി അന്വേഷിച്ച് നട ക്കുന്നവരാണ്. എന്നിട്ടും തങ്ങൾ ത്യാഗത്തിന്റെ ഉത്തരവാദിത്ത്വങ്ങൾ ശരി യായ രീതിയിൽ നിറവേറ്റിയോ എന്ന കാര്യത്തിൽ ചിന്താകുലരാകുന്നു. താങ്കൾ ഞങ്ങളുടെ ഈ എളിയ ത്യാഗം സ്വീകരിച്ചതിൽ സന്തോഷമുണ്ട് എന്നെഴുതിയ നന്ദിസൂചകമായ കത്തുകൾ വരുന്നു. ഞാൻ പറഞ്ഞ ത് പോലെ പലരും ഭീമമായ തുകയാണ് നൽകുന്നത്. ഇത് ഒന്നോ രണ്ടോ തവണ മാത്രമല്ല. ഇത് അവരുടെ ജീവിതത്തിന്റെ സ്ഥിരമായ ഒരു രീതി യായി മാറിയിരിക്കുന്നു. എല്ലാവിധ പദ്ധതികൾക്കും വേണ്ടി ധനം നൽകിയശേഷവും ആവശ്യാനുസരണം ചെലവഴിച്ച് കൊള്ളുക എന്ന് പറഞ്ഞ് വലിയ തുക പിന്നെയും നൽകുന്നു. പള്ളിനിർമ്മാണത്തി

നായും മിഷൻഹൗസുകൾക്കായും, മറ്റാവശ്യങ്ങൾക്ക് വേണ്ടിയും ഈ തുക ആവശ്യാനുസരണം ചെലവഴിക്കപ്പെടുന്നു. ഇത്തരം ത്യാഗങ്ങളിലേർപ്പെടുന്നവർ പാക്കിസ്ഥാനികളോ ഇന്ത്യക്കാരോ ആയ കുറെ കാലങ്ങളായി ശിക്ഷണം ലഭിച്ചുവരുന്നവരോ ആ ശിക്ഷണത്തിന്റെ ഭാഗമായ അവരുടെ മക്കളോ മാത്രമല്ല. ആഫ്രിക്കക്കാരും വളരെയധികം ത്യാഗങ്ങൾ ചെയ്യുന്നവരാണ്. അവരും വലിയ വലിയ മനോഹരമായ പള്ളികൾ നിർമ്മിച്ചുവരുന്നു. ജമാഅത്തിന്റെ ഇതര കാര്യങ്ങൾക്ക് വേണ്ടിയും അവർ ചെലവഴിക്കുന്നു. ഈ ചിലവഴിക്കുന്നവരുടെ വിനയവും സന്തോഷവും കണ്ട് മനസ്സിലാക്കാൻ സാധിക്കുന്നത്, ഇവർ അല്ലാഹുവിന്റെ മാർഗ്ഗത്തിൽ ചെലവഴിക്കാനായി തിടുക്കം കൂട്ടുകയാണ് എന്നാണ്.

ഞാൻ പാരായണം ചെയ്ത ആയത്തുകൾക്കനുസരിച്ച് തന്നെ അല്ലാഹുവിന്റെ മാർഗ്ഗത്തിൽ ധനം ചെലവഴിക്കുന്ന ഇവർ തങ്ങൾ ജമാഅത്തിന് കോടിക്കണക്കിന് രൂപ നൽകിയിരിക്കുന്നുവെന്നോ ഞങ്ങൾ വലിയ ഔദാര്യമാണ് ചെയ്തിരിക്കുന്നതെന്നോ ഒരിക്കലും പ്രകടിപ്പിക്കാറില്ല. വളരെ വിനയാന്വിതരായിട്ടാണ് പെരുമാറുന്നത്. തങ്ങൾ കർത്തവ്യനിർവ്വഹണത്തിൽ വീഴ്ച വരുത്തിയോ എന്ന ചിന്തയിലാണിവർ. അല്ലാഹുവിനോട് കൃതജ്ഞത കാണിക്കുന്നവരും അല്ലാഹുവിന്റെ ഔദാര്യം കൊണ്ട് മാത്രമാണ് ഇപ്രകാരം ചെയ്യാൻ തൗഫീഖ് ലഭിച്ചത് എന്നുമാണ് അവർ കരുതുന്നത്. ഒരു കാര്യം കൂടി ഇവിടെ വ്യക്തമാക്കേണ്ടതുണ്ട്. ജമാഅത്തിലെ ഭൂരിഭാഗം പേരും കുറഞ്ഞ വരുമാനമുള്ളവരും ശരാശരി വരുമാനക്കാരുമാണ്. ഞാൻ പറഞ്ഞതുപോലെ ഇവർ അസാധാരണമായ രീതിയിൽ ത്യാഗം ചെയ്യുന്നവരാണ്. ജമാഅത്തിൽ ഇത്രയധികം പദ്ധതികളുണ്ട് എന്നോ ഞങ്ങളുടെ വരുമാനം കുറവാണ്, എങ്ങിനെയാണ് തരിക എന്ന രീതിയിലുള്ള യാതൊരു സംസാരവും ഉണ്ടാകാറില്ല. എന്നാൽ പ്രത്യേക ആവേശത്തോടെയാണ് ഇവർ ചന്ദ നൽകിവരുന്നത്. ഞങ്ങളും ഞങ്ങളുടെ മക്കളും വിശപ്പ് സഹിച്ചാണ് ഇത് നൽകിയത് എന്നോ അതുകൊണ്ട് ഇതുവരെ ഞങ്ങൾ ത്യാഗം ചെയ്തിരിക്കുന്നു. ഇനി ഞങ്ങളുടെ ആവശ്യങ്ങൾക്കായി ജമാഅത്ത് ഞങ്ങൾക്ക് തരിക എന്നോ ആരും പറഞ്ഞിട്ടില്ല. ഇനി ആവശ്യങ്ങളുണ്ടെങ്കിൽതന്നെ അങ്ങേയറ്റം വിനയത്തോടുകൂടിയാണ് കടത്തിന് പോലും അപേക്ഷിക്കുന്നത്. ചിലരാണെങ്കിൽ ചന്ദ നൽകുന്ന കാര്യത്തിൽ അവരുടെ എളുപ്പത്തിന് വേണ്ടി ചില രീതികൾ അവലംബിച്ചിരിക്കുന്നു. കാരണം കുറഞ്ഞ വരുമാനമായത് കൊണ്ട് തന്നെ ഒരേ സമയത്ത് നൽകാൻ സാദ്ധ്യമല്ല. പൈസ നിക്ഷേപിക്കാനായി അടപ്പുള്ള ഒരു പാത്രം വെക്കുകയും ദിവസേന എന്തെങ്കിലും അതിൽ ഇടുകയും ചെയ്യുന്നു. തഹ്‌രീകെ ജദീദും വഖ്ഫ് ജദീദും മറ്റ് ചന്ദകളുമെല്ലാം നൽകണം എന്ന ചിന്തയോട് കൂടിയാണ് ഇത് ചെയ്യുന്നത്. ഇത്തരത്തിലുള്ള പല ഉദാഹരണങ്ങളുമുണ്ട്. ഒരു സഹോദരൻ ഇപ്രകാരം എനിക്കെഴുതി. ഞാൻ ഒരു വർഷമായി അടുത്ത വർഷം തഹ്‌രീകെ ജദീദിന്റെ വിളംബരത്തിന് ശേഷം ചന്ദ നൽകാനായി പാത്രത്തിൽ പൈസ നിക്ഷേപിച്ചുകൊണ്ടിരുന്നു. എന്റെ കഴിഞ്ഞ വർഷത്തെ തഹ്‌രീകെ ജദീദ് ചന്ദയോടൊപ്പമെത്തണം എന്നാണ് ഞാൻ ആഗ്രഹിച്ചിരുന്നത്. ദിവസങ്ങളടുത്തതും പാത്രം തുറന്നപ്പോൾ അതിൽ കുറഞ്ഞ തുക മാത്രമാണുണ്ടായിരുന്നത്. ഇതെങ്ങനെ പൂർത്തിയാക്കുമെന്ന ചിന്തയിലിരിക്കുമ്പോഴാണ് സെക്രട്ടറി തഹ്‌രീകെ ജദീദ് എന്റെയടുത്തെത്തിയത്. ഞങ്ങളുടെ ഈ വർഷത്തെ ടാർഗറ്റ് ഇത്ര കുറവാണ് അതുകൊണ്ട് താങ്കളുടെ പേരിൽ ഇത്രതുക കൂടി എഴുതുന്നു എന്നദ്ദേഹം പറഞ്ഞു. എനിക്ക് കുറഞ്ഞ വരുമാനമേയുള്ളൂവെന്നും വലിയ തുക അടക്കാൻ എനിക്കു കഴിയില്ല, ഞാനെങ്ങനെയാണ് അടച്ച് തീർക്കുക എന്ന് ഞാനും പറഞ്ഞു. ഏതായാലും നിങ്ങൾ വന്ന സ്ഥിതിക്ക് കുറച്ചെന്തെങ്കിലും ഞാനിപ്പോൾ തരാം. ബാക്കിയുള്ളത് കുറച്ച് കുറച്ചായി ഞാൻ നൽകിക്കൊള്ളാം. അടുത്ത വർഷത്തേക്കുള്ളതും ഞാൻ എടുത്ത് വെച്ചിരിക്കുന്നു. തഹ്‌രീകെ ജദീദിന്റെ വിളംബരത്തിന് ശേഷം നൽകുന്നതാണ്. പിന്നീടെനിക്ക് ഓർമ്മ വന്നു. അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കാനായി ഈ വർഷം, അടുത്തവർഷം എന്നതിൽ എന്തിരിക്കുന്നു. അതുകൊണ്ട് നിക്ഷേപിച്ച തുക മുഴുവൻ നൽകാം. അത് മുഴുവൻ സെക്രട്ടറി തഹ്‌രീകെ ജദീദിന് കൊടുത്ത് വീട്ടിൽ വന്ന് ഇരുന്നതേയുള്ളൂ. എവിടുന്നോ ഒരു കവർ വന്നു. ആരുടെയോ കത്തായിരുന്നു. കൂടെ ഒരു ചെക്കുമുണ്ട്. ഞാൻ കൊടുത്ത അത്രയും തുക ആ ചെക്കിലുണ്ടായിരുന്നു. കത്തിലെഴുതിയത് ഇപ്രകാരമായിരുന്നു. ഞാൻ ഒരിക്കൽ താങ്കളിൽ നിന്ന് ഈ തുക കടം വാങ്ങിയിരുന്നെങ്കിലും പിന്നീട് ഞാനത് മറന്നുപോയിരുന്നു. ഇപ്പോഴാണ് അത് ഓർമ്മവന്നത്. അത് കൊണ്ട് തിരിച്ച് നൽകുകയാണ്. ഇതുപോലെ ഉടനെതന്നെ മറ്റൊരു സ്ഥലത്ത് നിന്നും കുറച്ച് തുക ലഭിച്ചു. അല്ലാഹു വളരെ പെട്ടെന്ന് തന്നെ തുല്ല്യമായത് മാത്രമല്ല, വർദ്ധനവോടുകൂടി നൽകുകയുണ്ടായി. ഇങ്ങനെയാണ് ത്യാഗധനരായ ആളുകൾക്ക് അല്ലാഹു പ്രതിഫലം നൽകുന്നത്. ഞാൻ അടുത്ത വർഷത്തെ ചന്ദ എങ്ങനെ കൊടുക്കുമെന്ന കാര്യത്തിൽ മണിക്കൂറുകൾ പോലും ചിന്തിക്കേണ്ടിവന്നില്ല وَلَا خَوْفٌ عَلَيْهِمْ وَلَا هُمْ يَحْزَنُونَ എന്നതിന്റെ അർത്ഥം ഇതും കൂടിയാണ്. അവർക്ക് യാതൊരു ഭയവും വ്യസനവുമുണ്ടാകാറില്ല. ഈ ലോകത്തും അവർക്ക് പ്രതിഫലം ലഭിക്കുകയും അവരുടെ എല്ലാവിധ വിഷമങ്ങളും ദുഃഖവും സന്തോഷമായി മാറുകയും ചെയ്യുന്നു. എന്നാൽ പരിശുദ്ധരായിക്കൊണ്ട് അല്ലാഹുവിന് വേണ്ടി ത്യാഗം ചെയ്യണം എന്നതാണ് നിബന്ധന. ത്യഗത്തിന് ശേഷം ഞങ്ങൾ ജമാഅത്തിന് ഔദാര്യം ചെയ്തിരിക്കുന്നു എന്ന് ചിന്ത ഒരിക്കലുമുണ്ടാകരുത്.

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാനി رضي الله عنه തഹ്‌രീകെ ജദീദ് പദ്ധതിക്ക് സമാരംഭം കുറിച്ചപ്പോൾ ലളിതമായ ജീവിതം നയിക്കാനായി ആവശ്യപ്പെട്ടിരുന്നു. ഭക്ഷണങ്ങൾക്കും വസ്ത്രങ്ങൾക്കും മറ്റ് കാര്യങ്ങൾക്കും ചെലവ് കുറച്ച് കൊണ്ട് തഹ്‌രീഖ് ജദീദ് ചന്ദ നൽകാനായി ആ കാലഘട്ടത്തിൽ ഉപദേശിക്കുകയുണ്ടായി. അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഇപ്പോഴുള്ളതുപോലെയുള്ള സ്ഥിതിയായിരുന്നില്ല ആ കാലത്ത് അഹ്മദികൾക്കുണ്ടായിരുന്നത്. എന്നാൽ പുരുഷന്മാരും സ്ത്രീകളും കുട്ടികളും സന്തോഷത്തോടെയാണ് ത്യാഗത്തിൽ പങ്കാളികളായത്. ഇന്നും പല ദരിദ്രവീടുകളിൽ ഇത്തരം സ്ഥിതി കാണാവുന്നതാണ്. എന്നാൽ ഒരിക്കലും അവർ അത് ഔദാര്യമായി പറയുന്നില്ല. ഞങ്ങളുടെ കയ്യിലുണ്ടെങ്കിൽ ഇനിയും നൽകണം എന്നതാണ് അവരുടെ ചിന്ത. ഇത്തരം ത്യാഗധനരായ ആളുകളുടെ മക്കൾക്ക് അല്ലാഹു വളരെ അനുഗ്രഹം നൽകിയിരിക്കുന്നു. ഇന്നും അത് തുടർന്ന് വരുന്നു.

ഒരു സത്യവിശ്വാസി ദൈവാനുഗ്രഹങ്ങളുടെ ദൃശ്യം കാണുമ്പോൾ അവന്റെ ത്യാഗത്തിന്റെ നിലവാരവും ഉയർന്ന് കൊണ്ടിരിക്കുന്നു. ത്യാഗം ചെയ്ത ശേഷം ഔദാര്യമായി പറയുന്നത് പോകട്ടെ, ഇവർ ആരും അറിയാതിരിക്കാൻ വളരെ രഹസ്യമായിട്ടാണ് ത്യാഗങ്ങൾ ചെയ്യുന്നത്. എന്റെ അല്ലാഹു എന്നിൽ സംപ്രീതനായാൽ മതി എന്നാണ് അവരുടെ ഉദ്ദേശ്യം. ഇന്ന് മിക്ക അവസരങ്ങളിലും ത്യാഗത്തിന്റെ ഈ നിലവാരം നമ്മുടെ ജമാഅത്തിൽ കാണാൻ സാധിക്കുന്നു. മറ്റുള്ളവർ കരുതുന്നത് ജമാഅത്തിന്റെ കയ്യിൽ കോടാനുകോടി രൂപയുണ്ടെന്നും അതുകൊണ്ടാണ് എല്ലാകാര്യങ്ങളും വളരെ പെട്ടെന്ന് നടക്കുന്നതെന്നുമാണ്. ജമാഅത്തിന് നൽകപ്പെടുന്ന ധനത്തിൽ അല്ലാഹു വളരെ അനുഗ്രഹം ചൊരിയുന്ന കാര്യം ഭൗതികവാദികളുടെ ചിന്തക്കതീതമായതാണ്. ജമാഅത്തിന്റെ കയ്യിൽ കോടാനുകോടി രൂപ മാത്രമല്ല. അല്ലാഹുവിന്റെ തൃപ്തി കാംക്ഷിച്ച്കൊണ്ടിരിക്കുന്നവരുടെയും പരിശുദ്ധരായവരുടെയും ഒരിക്കലും തീരാത്ത ഖജനാവുണ്ട്. അത് ഈ ത്യാഗധനരായ വ്യക്തികളുടെ ഹൃദയങ്ങളിൽ നിന്നും പുറപ്പെടുന്നതാണ്. അവരുടെ കയ്യിൽ ധനമുണ്ടെങ്കിൽ ഇനിയും നൽകണം എന്നാണ് അവരുടെ ആഗ്രഹം. പ്രത്യേക ആവേശവും താൽപര്യവുമാണ് അവരിലുള്ളത്. ഇത്തരത്തിൽ ആയിര

ക്കണക്കിന് ഉദാഹരണങ്ങൾ നമ്മുടെ ജമാഅത്തിലുള്ള പല സമുദായക്കാരിലും കാണാം. മറ്റുള്ളവരാണെങ്കിൽ 5 രൂപ പള്ളിക്ക് വേണ്ടി നൽകിയാൽ 100 പ്രാവശ്യം അത് വിളംബരം ചെയ്യുന്നു. എന്നാൽ അഹ്മദികൾ തങ്ങളുടെ ആവശ്യങ്ങൾ കുറച്ച് കൊണ്ട് വലിയ വലിയ ത്യാഗങ്ങൾ ചെയ്യുന്നു. എന്നാൽ ഭൂരിഭാഗവും രഹസ്യമായാണ് നൽകാറുള്ളത്. ചില ത്യാഗങ്ങളെക്കുറിച്ച് വിളംബരം ചെയ്യപ്പെടാറുണ്ടെങ്കിലും അത് ജമാഅത്തിന്റെ ഭാഗത്ത് നിന്നാണ് ഉണ്ടാകാറുള്ളത്. വിളംബരം ചെയ്യപ്പെടണമെന്ന് ഇവർ ആഗ്രഹിക്കാറില്ല. ചില പദ്ധതികളിൽ ചന്ദ നൽകുന്നവരുടെ പേര് വിവരങ്ങൾ കാലത്തിന്റെ ഖലീഫക്ക് മുമ്പിൽ സമർപ്പിക്കപ്പെടാറുണ്ട്. അവർക്കായി ദുആ ചെയ്യാൻ വേണ്ടി മാത്രമാണിത്. എപ്പോഴും അവരുടെ ഉദ്ദേശ്യം നന്മയിലധിഷ്ഠിതമാണ്. കാപട്യമില്ല. കാലത്തിന്റെ ഖലീഫക്ക് മുമ്പിൽ ഈ ത്യാഗധനരുടെ ത്യാഗങ്ങളെ വിലയിരുത്തി അവർക്ക് ദുആ ചെയ്യാ നും അവരുടെ ധനത്തിലും മറ്റും അനുഗ്രഹം ചൊരിയപ്പെടാനും ഭാവിയിൽ ഈ ത്യാഗങ്ങളുടെ നിലവാരം വർദ്ധിക്കാനും വേണ്ടിയാണിത്. അതുപോലെ فَاسْتَبِقُوا الْخَيْرَاتِ എന്ന് അല്ലാഹുവിന്റെ കൽപനയുമുണ്ട്. അതായത് നന്മകളിൽ മത്സരിച്ച് മുന്നേറുന്നതിനുള്ള പരിശ്രമത്തിനായി ശ്രദ്ധയുണ്ടാവേണ്ടതാണ്.

ഇന്ന് തഹ്‌രീകെ ജദീദിന്റെ നവവത്സരപ്രഖ്യാപനം നടക്കുന്നതാണ്. إِنْ شَاءَ اللّٰهُ എപ്രകാരമാണ് ധനത്യാഗത്തിനായുള്ള ശ്രമമുണ്ടായത് എന്നതിന്റെ രൂപം നിങ്ങളുടെ മുമ്പിൽ വെക്കുന്നതാണ്. ഓരോ വർഷങ്ങളെ അപേക്ഷിച്ച് അടുത്തവർഷം വർദ്ധനവുണ്ടാകുന്നു. ജമാഅത്തിൽ ഈ ത്യാഗങ്ങൾ അനേകം പേരുടെ ത്യാഗങ്ങൾ കൊണ്ടാണ് ഉണ്ടാകുന്നത്. ധനപരമായ ത്യാഗങ്ങളെക്കുറിച്ച് പറയുമ്പോൾ അല്ലാഹുവിന്റെ കൽപനയായ فَاسْتَبِقُوا الْخَيْرَاتِ എന്ന കാര്യത്തെയും മുന്നിൽ വെക്കേണ്ടതാണ്. ഇന്ന് ലോകത്ത് ഒരു ജമാഅത്തെന്ന നിലയിൽ അഹ്മദിയ്യാ ജമാഅത്തിന്റെ അംഗങ്ങൾ മാത്രമാണ് يُنْفِقُوْنَ اَمْوَالَهُمْ بِالَّيْلِ وَالنَّهَارِ അതായത് അല്ലാഹുവിന്റെ മാർഗ്ഗത്തിൽ രാവും പകലും തങ്ങളുടെ ധനം ചെലവ് ചെയ്യുന്നവർ എന്നതിന്റെ പ്രത്യക്ഷരൂപമായി മാറിയിരിക്കുന്നത്. രാപകലെന്നില്ലാതെ ത്യാഗോജ്ജ്വലമായ പ്രവർത്തനങ്ങൾ നടന്നുവരുന്നു. ഈ ത്യാഗത്തിന്റെ പരമ്പര 24 മണിക്കൂറും തുടർന്ന് നടക്കുകയാണ്. അല്ലാഹുവിന്റെ അനുഗ്രഹത്താൽ അഹ്മദിയ്യാ ജമാഅത്ത് ലോകത്തിന്റെ എല്ലാ കോണുകളിലും വ്യാപിച്ചിരിക്കുന്നു. എല്ലാ രാജ്യങ്ങളിലുമുണ്ട്. ചിലയിടത്ത് രാത്രിയാണെങ്കിൽ ചിലയിടത്ത് പകലാണ്. ഞാൻ ഖുത്വുബ നൽകുന്ന ഈ സമയത്തും ചില സ്ഥലങ്ങളിൽ അതിരാവിലെയായിരിക്കും. ചിലയിടങ്ങളിൽ രാത്രിയായിരിക്കും. ചിലയിടത്ത് അർദ്ധരാത്രിയായിരിക്കാം, തഹ്‌രീകെ ജദീദിന്റെ വിളംബരത്തോടനുബന്ധിച്ച് തന്നെ വാഗ്ദാനവും വസൂലിയും ആരംഭിക്കുന്നു. ജമാഅത്തംഗങ്ങൾ മാത്രമല്ല ജമാഅത്തും രാപകലെന്നില്ലാതെ തങ്ങളുടെ ത്യാഗങ്ങൾ അല്ലാഹുവിന് മുമ്പിൽ സമർപ്പിക്കുന്നു. രാപകൽ അല്ലാഹുവിന്നായി ത്യാഗം ചെയ്യുന്നവരെക്കുറിച്ച് അല്ലാഹു പറയുന്ന കാര്യങ്ങൾ ആഗോളതലത്തിൽ നടക്കുന്നവയാണ്. മുഹമ്മദീമസീഹിന്റെ അവതരണത്തിലൂടെയാണ് ഒരൊറ്റ സമുദായം എന്ന ഈ അവസ്ഥ സംജാതമാകേണ്ടിയിരുന്നത്. ഇത് ത്യാഗങ്ങളുടെ അതിമനോഹരമായ തുടർച്ചയാണ്. അല്ലാഹുവിന്റെ ദീനിനെ ലോകത്ത് പ്രചരിപ്പിക്കാനായി രാപകലുകളുടെ ഓരോ ഭാഗങ്ങളിലും ഈ കാലഘട്ടത്തിൽ ഈയൊരവസ്ഥ അല്ലാഹു സ്ഥാപിച്ചിരിക്കുന്നു. അപ്രകാരം ലോകത്തിന്റെ ഓരോ മുക്കിലും മൂലയിലും എപ്പോഴും മുഹമ്മദീ മസീഹിന്റെ ആവിർഭാവത്തിന്റെ ഉദ്ദേശ്യത്തെ പൂർത്തിയാക്കാനായി ത്യാഗങ്ങൾ തുടർന്ന്കൊണ്ടിരിക്കേണ്ടതാണ്. സന്മാർഗ്ഗത്തിന്റെ ഈ പ്രചരണപ്രക്രിയ ലോകം മുഴുവനും വ്യാപിപ്പിക്കുക എന്നത് സാധാരണ പ്രവൃത്തിയല്ല. ഈ പ്രവൃത്തി മുഹമ്മദീ മസീഹിന്റെ അനുയായികളിലാണ് നിക്ഷിപ്തമായിട്ടുള്ളത്. നബി ﷺ കൊണ്ടുവന്ന അദ്ധ്യാപനങ്ങളും സന്മാർഗ്ഗവും അങ്ങയുടെ കാലഘട്ടത്തിൽ പരിപൂർണ്ണമായിരുന്നു. ഈ സമ്പൂർണ്ണമായ സന്മാർഗ്ഗത്തെ ലോകത്ത് വ്യാപിപ്പിക്കുകയും അത് വീണ്ടും പരിപൂർണ്ണമാവുകയും ചെയ്യേണ്ടത് നബി ﷺ യുടെ രണ്ടാം ആവിർഭവത്തിലൂടെയായിരുന്നു. അതുകൊണ്ട് മുഹമ്മദീ മസീഹിനെ വിശ്വസിച്ച നമ്മുടെ ഉത്തരവാദിത്വമാണിത്. ലോകത്തെ അപേക്ഷിച്ച് നമ്മുടെ സൗകര്യങ്ങൾ വളരെ കുറവാണ്. ഇല്ലാത്തതിന് തുല്ല്യമാണ്. എന്നാൽ ഈ ഒരു സദുദ്ദ്യമത്തെ പരിപൂർണ്ണതയിലെത്തിക്കേണ്ടുന്നതിന്റെ ബാദ്ധ്യത നമ്മിലാണ് നിക്ഷിപ്തമായിട്ടുള്ളത്. അതിന്നായി രാപകൽ നാം ത്യാഗത്തിനായി ഒരുങ്ങുമ്പോൾ അനുഗ്രഹം നൽകുക എന്നത് അല്ലാഹുവിന്റെ പ്രവൃത്തിയാണ്. അവന്റെ വാഗ്ദാനവും അത് തന്നെയാണ്. അത് അവൻ നൽകുന്നതാണ്. അല്ലാഹു പറയുന്നു. لَا خَوْفٌ عَلَيْهِمْ وَلَا هُمْ يَحْزَنُوْنَ അവർ ഭയപ്പെടുകയോ വിഷമിക്കുകയോ ചെയ്യുകയില്ല.

ലോകത്തിന്റെ സൗകര്യങ്ങളും ശക്തിയും വളരെയേറെയാണ് എന്നതിൽ യാതൊരു സംശയവുമില്ല. മറ്റുള്ളവരുടെ അംഗസംഖ്യ വളരെയധികമാണ്. നാം ചെറിയൊരു ജമാഅത്ത് മാത്രമാണ്. എന്നാൽ അല്ലാഹു പറയുന്നു. അല്ലാഹുവിന്റെ തൃപ്തി കാംക്ഷിച്ച് കൊണ്ട് രാപകലെന്നില്ലാതെ പരിശുദ്ധമായ രീതിയിൽ നിങ്ങൾ ചെയ്യുന്ന ത്യാഗങ്ങൾ ബഹിർപ്രകടനങ്ങളിൽ നിന്ന് തികച്ചും പരിപാവനമാണ്. ദൈവസന്നിധിയിൽ അത് തീർത്തും സ്വീകാര്യമാകുന്നതാണ്. അത്കൊണ്ട് നിങ്ങൾ ഭയപ്പെടുകയോ ദുഃഖിക്കുകയോ ചെയ്യേണ്ട ആവശ്യമില്ല. മറ്റുള്ളവർ ഞങ്ങളെ എന്താണ് ചെയ്യുക. ഞങ്ങൾക്ക് എങ്ങനെയാണ് പുരോഗതിയുണ്ടാവുക. ഞങ്ങളുടെ ത്യാഗങ്ങൾ ഫലം നൽകുമോ, എന്ന് കരുതേണ്ട ഒരാവശ്യവുമില്ല. നിങ്ങൾ ശുദ്ധമായ ചിന്തയോടുകൂടി ത്യാഗങ്ങൾ ചെയ്യുകയാണെങ്കിൽ ഈ ത്യാഗങ്ങൾ തീർച്ചയായും ഫലങ്ങൾ നൽകിക്കൊണ്ടിരിക്കുന്നതായിരിക്കും. إِنْ شَاءَ اللّٰهُ കാരണം അന്തിമമായ ഫലം അല്ലാഹുവാണ് നൽകേണ്ടത്. അല്ലാഹു പറയുന്നു. ഞാൻ നിങ്ങളുടെ ത്യഗങ്ങൾക്ക് 700 ഇരട്ടി അല്ലെങ്കിൽ അതിനേക്കാളധികം ഇരട്ടിയായി പ്രതിഫലം നൽകുന്നതാണ്. പരിശുദ്ധരായിക്കൊണ്ട് കുനിയുന്നവരുടെ ത്യാഗത്തെ അല്ലാഹു വർദ്ധിപ്പിച്ച്കൊണ്ടിരിക്കുന്നതാണ്. പരമകാരുണികന്റെ ദാസരായി വർത്തിച്ച് കൊണ്ട് ത്യാഗങ്ങൾ ചെയ്യുന്നവരുടെ എല്ലാ ത്യാഗങ്ങളും അല്ലാഹു സ്വീകരിക്കുകയും സൽഫലങ്ങൾ നൽകിക്കൊണ്ടിരിക്കുകയും ചെയ്യും. നിങ്ങളുടെ ത്യാഗങ്ങളെ സമർപ്പിക്കുന്നത് വഴി മുഹമ്മദീ മസീഹിന്റെ സഹായികളാവുക. ഈ സന്മാർഗ്ഗപ്രചരണത്തിന്റെ പരിപൂർണ്ണതയ്ക്കായി കഴിവിന്റെ പരമാവധി ശ്രമിക്കേണ്ടതാണ്. വളരെ സമീപദിനങ്ങളിൽ തന്നെ നിങ്ങളുടെ ജീവിതത്തിലും അതിന്റെ അടയാളങ്ങൾ നിങ്ങൾക്ക് ദർശിക്കാവുന്നതാണ്. അത് അല്ലാഹുവിന്റെ അനുഗ്രഹത്താൽ നിങ്ങൾക്ക് കാണാം. ജമാഅത്തംഗങ്ങളുടെ ശാരീരികവും ധനപരവുമായ ത്യാഗങ്ങൾ ഈ ന്യൂനപക്ഷത്തെ ഭൂരിപക്ഷമാക്കി മാറ്റുമെന്നതിൽ യാതൊരു സംശയവുമില്ല. നമ്മുടെ പ്രവൃത്തി അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കുക എന്നത് മാത്രമാണ്. അതിന്നായി നാം പ്രവർത്തനനിരതരാകേണ്ടതാണ്. അത് ലഭിക്കാനായി ഹൃദയത്തിൽ ഒരു പ്രത്യേക ആവേശം നിലനിർത്തിക്കൊണ്ട് ഒരിക്കലും ക്ഷീണിതരാവുകയില്ലെന്ന ദൃഢനിശ്ചയമെടുക്കേണ്ടതാണ്.

ഇനി ഞാൻ തഹ്‌രീകെ ജദീദിന്റെ കഴിഞ്ഞ വർഷത്തെ വിവരണങ്ങൾ നിങ്ങളുടെ മുമ്പിൽ വെക്കുകയാണ്. അല്ലാഹുവിന്റെ അനുഗ്രഹത്താൽ തഹ്‌രീകെ ജദീദിന്റെ 76ാം മത്തെ വർഷമാണ് ഒക്ടോബർ 31 ന് അവസാനിച്ചത്. ധാരാളം അനുഗ്രഹങ്ങൾ സ്വരുക്കൂട്ടിയാണ് ഈ വർഷത്തോട് നാം വിടപറഞ്ഞത്. ഇന്ന് തഹ്‌രീകെ ജദീദിന്റെ 77ാം വർഷത്തെ പ്രഖ്യാപനം നടത്തുകയാണ്. അല്ലാഹു ഈ വർഷത്തിലും മുൻ വർഷങ്ങളെക്കാളുപരിയായി അനുഗ്രഹങ്ങൾ സ്വരുക്കൂട്ടാനുള്ള അവസരമൊരുക്കട്ടെ. അല്ലാഹുവിന്റെ അനുഗ്രഹത്താൽ റിപ്പോർട്ടനുസരിച്ച് ഈ വർഷം ആഗോള അഹ്മദിയ്യാ ജമാഅത്ത് തഹ്‌രീകെ ജദീദ് 54,68,500

പൗണ്ടിന്റെ ത്യാഗമാണ് സമർപ്പിച്ചത്. ചില ചെറിയ രാജ്യങ്ങളുടെ റിപ്പോർട്ടുകൾ ഇനിയും വന്നിട്ടില്ല. കൂടാതെ ചെറിയ രാജ്യങ്ങളിലുള്ള ചില ലോക്കൽ ജമാഅത്തുകളുമായി ബന്ധപ്പെടാൻ സാധിക്കാറില്ല. ലഭിച്ച റിപ്പോർട്ടനുസരിച്ചുള്ള വിവരണമാണിത്. അല്ലാഹുവിന്റെ അനുഗ്രഹത്താൽ കഴിഞ്ഞ വർഷത്തേക്കാളും 5,22,000 പൗണ്ട് അധികമാണ്. مَاشَآءَاللّٰهُ ഈ വർഷവും അല്ലാഹുവിന്റെ അനുഗ്രഹത്താൽ പാക്കിസ്ഥാൻ ഒന്നാം സ്ഥാനം കരസ്ഥമാക്കിക്കൊണ്ട് തങ്ങളുടെ നിലവിലുള്ള സ്ഥാനം നിലനിർത്തിയിരിക്കുന്നു. ഇനി നിങ്ങൾക്ക് വേണ്ടി വളരെ സന്തോഷകരമായ ഒരു കാര്യമാണ്. അവിചാരിതമെന്ന് പറയാവതല്ല. അല്ലാഹുവിന്റെ പ്രത്യേക അനുഗ്രഹത്തിന്റെ ഫലമായി ബ്രിട്ടൻ രണ്ടാം സ്ഥാനത്തെത്തിയിരിക്കുന്നു. അമേരിക്കയെയും ജർമ്മനിയേയും വളരെ പിന്നിലാക്കിയാണ് രണ്ടാം സ്ഥാനത്തെത്തിയിരിക്കുന്നത്. ഈ ഒരു കുതിച്ച് ചാട്ടത്തെപറ്റി സംഘാടകർക്ക് പോലും മനസ്സിലായിട്ടുണ്ടാവില്ല. രണ്ട് വർഷം മുമ്പ് ജർമ്മനിയും ബ്രിട്ടനും തമ്മിൽ ചെറിയ വ്യത്യാസമേ ഉണ്ടായിരുന്നുള്ളൂ. ജമാഅത്തംഗങ്ങളിൽ പലരും ദുഃഖിതരായി പറഞ്ഞത്, ഞങ്ങൾ അത് അറിഞ്ഞിരുന്നെങ്കിൽ ആ സംഖ്യ നൽകി മറികടക്കാമായിരുന്നു എന്നാണ്. ഏതായാലും ഇപ്പോൾ നിങ്ങളുടെ പ്രയ്ത്നത്തിന്റെയും ദുആയുടെയും ഫലമായി അമേരിക്കയെയും പിന്നിലാക്കിയിരിക്കുന്നു. مَاشَآءَاللّٰهُ വളരെ നല്ല പുരോഗതിയാണ് ഉണ്ടായിരിക്കുന്നത്. പാക്കിസ്ഥാന് പുറത്തുള്ള ജമാഅത്തുകളിൽ ചില വർഷങ്ങൾക്ക് മുമ്പ് വരെ ബ്രിട്ടനും, യു.കെ.യും എട്ടോ ഒമ്പതോ സ്ഥാനങ്ങളിലായിരുന്നു. എന്നാൽ ഇപ്പോൾ പാക്കിസ്ഥാന് ശേഷം ബ്രിട്ടൻ ഒന്നാം സ്ഥാനത്തെത്തിയിരിക്കുന്നു. ഒരു കാര്യം ഞാനിവിടെ ഓർമ്മിപ്പിക്കാനാഗ്രഹിക്കുന്നു. പഴയ റിക്കാർഡ് കണ്ട് എനിക്ക് ആശ്ചര്യം തോന്നി അതായത്. 1988 ൽ ബ്രിട്ടന്റെ വാഗ്ദാനവും വസൂലിയും നോക്കിയപ്പോൾ രണ്ടാം സ്ഥാനത്തായിരുന്നു. പിന്നീട് മെല്ലെ മെല്ലെ പിന്നോട്ട് പോയി. എന്നാൽ ഇപ്പോൾ നിങ്ങൾക്ക് ലഭിച്ചിരിക്കുന്ന ഈ സ്ഥാനം ഇനി കൈവിടരുത്. ഇവിടെ ബ്രിട്ടനിലും ചിലർക്ക് അഹ്മദികളായത് കൊണ്ട് എതിർപ്പുകൾ നേരിടേണ്ടിവരികയാണ്.ചില അഹ്മദീ സ്ത്രീകൾക്ക് അനഹ്മദികളിൽ നിന്ന് പ്രഹരമേൽക്കേണ്ടി വന്നു. പുരുഷന്മാർക്കും ഏൽക്കേണ്ടിവന്നിട്ടുണ്ടാകും. തൽഫലമായി ഇപ്പോൾ നല്ല അനുഗ്രഹം ലഭിച്ചിരിക്കുകയാണ്. ചെറിയ രീതിയിലുള്ള ശാരീരിക ത്യാഗത്തിന്റെ ഫലമായി സാമ്പത്തികത്യാഗത്തിലും മുന്നേറാൻ കഴിഞ്ഞിരിക്കുന്നു. അനഹ്മദികളുടെ കോലാഹലങ്ങൾ കൊണ്ട് ചിലയിടങ്ങളിൽ അഹ്മദികളുടെ കച്ചവടങ്ങളെ ബാധിച്ചിരുന്നു. അനഹ്മദികൾ അധികമുള്ള സ്ഥലങ്ങളിൽ ഇവരിൽ നിന്ന് ഒന്നും വാങ്ങരുത് എന്ന രീതിയിൽ ഒച്ചപ്പാടുണ്ടാക്കിയത് കാരണം അഹ്മദികളുടെ കച്ചവടത്തെ അത് നന്നായി ബാധിക്കുകയും ചെയ്തു. അനഹ്മദികളുടെ കീഴിൽ ജോലി ചെയ്ത് വന്ന ചിലരെ ജോലിയിൽ നിന്ന് പിരിച്ചുവിടുകയുണ്ടായി. എന്നാൽ ഈ എതിർപ്പ് കൊണ്ട് തന്നെയാണ് ഒരു മാറ്റമുണ്ടായിരിക്കുന്നത്. എപ്പോഴും ജമാഅത്തിനോടുള്ള എതിർപ്പ് തന്നെയാണ് ജമാഅത്തിന്റെ വളർച്ചക്ക് വളമായിത്തീരുന്നത്. ബ്രിട്ടന്റെ ചന്ദയുടെ വർദ്ധനവിൽ ലജ്ന വലിയ പങ്കാണ് വഹിച്ചിട്ടുള്ളത്. ഇവരുടെ ടാർഗറ്റ് ഇനിയും വർദ്ധിപ്പിക്കാവുന്നതാണെന്ന് ഞാൻ പറഞ്ഞിരുന്നു. അല്ലാഹുവിന്റെ അനുഗ്രഹത്താൽ ബ്രിട്ടനിലെ ലജ്നകൾ കഴിഞ്ഞ വർഷത്തെക്കാൾ 45,000 പൗണ്ടിന്റെ വർദ്ധനവാണ് ഉണ്ടാക്കിയിരിക്കുന്നത്. മൊത്തം സംഖ്യയിൽ മൂന്നിലൊന്ന് അല്ലെങ്കിൽ അതിൽ കൂടുതൽ ലജ്നയുടേതാണ്. 3ാം സ്ഥാനത്ത് അമേരിക്കയാണ്. അതിന് ശേഷം ജർമ്മനി. ജർമ്മനി ഇനിയും പ്രയത്നിക്കുന്നില്ലെങ്കിൽ ഇപ്പോഴത്തെ അവസ്ഥ തുടരുകയാണെങ്കിൽ മുന്നിലേക്ക് വരിക സാധ്യമല്ല. ജർമ്മനിക്കാർ, തങ്ങൾ വലിയ കുതിച്ച് ചാട്ടമാണ് നടത്തിയിരിക്കുന്നത് എന്നാണ് വിചാരിച്ചിരുന്നത്. ബ്രിട്ടന് തങ്ങളുടെ അടുത്ത് പോലുമെത്താൻ സാധിക്കില്ല എന്നാണ് അവർ കരുതിയത്. എന്നാൽ ഇപ്രാവശ്യം അസാധാരണമായ കുതിച്ച്ചാട്ടമാണ് നടന്നിരിക്കുന്നത്. അഞ്ചാം സ്ഥാനത്ത് കാനഡയാണ്. 6-ാം സ്ഥാനത്ത് ഇന്ത്യയാണ്. പിന്നീട് ഇന്തോനേഷ്യ, ആസ്ട്രേലിയ ശേഷം ഒരു അറബ് രാജ്യമാണ്. (ആ രാജ്യത്തിന്റെ പേര് ഞാൻ പറയുന്നില്ല.) പിന്നീട് സ്വറ്റ്സർലണ്ട് ഒപ്പം തന്നെ ബെൽജിയമുണ്ട്. ചെറിയ വ്യത്യാസം മാത്രമേയുള്ളൂ. പാക്കിസ്ഥാന്റെ സ്ഥിതിഗതികളെക്കുറിച്ച് നമുക്കേവർക്കും നന്നായിട്ടറിയാം. കുറെ വർഷങ്ങളായി പ്രശ്ന സങ്കീർണ്ണമായ ഘട്ടത്തിലൂടെയാണ് ഈ രാജ്യം പോയിക്കൊണ്ടിരിക്കുന്നത്. ജീവിതമാർഗ്ഗത്തിന്റെ കാര്യത്തിലായാലും അഹ്മദികൾക്ക് വളരെയധികം ബുദ്ധിമുട്ടുകൾ നേരിടേണ്ടതായി വന്നു. ഈ വർഷത്തെ വെള്ളപ്പൊക്കം തൊഴിലിനെ വല്ലാതെ ബാധിച്ചിരുന്നു. പ്രത്യേകിച്ച് ഡെറാഗാസിഖാൻ, മുസഫർ ഗഢ് എന്നീ സ്ഥലങ്ങളിൽ വളരെ മോശമായ രീതിയിൽ അവിടത്തെ കൃഷിക്കാരെ ബാധിച്ചിരുന്നു. എന്നാൽ വിചിത്രമെന്ന് പറയട്ടെ. ഈ ജമാഅത്തുകൾ കേന്ദ്രം നൽകിയ ടാർഗറ്റുകൾ അല്ലാഹുവിന്റെ അനുഗ്രഹത്താൽ പൂർത്തിയാക്കുകയുണ്ടായി. ഇവരുടെ ഗ്രാമങ്ങളും കൃഷിയും എല്ലാം ഒലിച്ചുപോയി. ഒന്നുമില്ലാതെയാണ് അവിടെ നിന്ന് വന്നത്. രാജ്യത്തിന് ബാധിച്ചിരിക്കുന്ന ആ നഷ്ടം അഹ്മദികളിലും കാണാമെങ്കിലും അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഭൗതികനഷ്ടങ്ങളുണ്ടായെങ്കിലും അവരുടെ വിശ്വാസത്തിൽ യാതൊരു കുറവുമുണ്ടായില്ല. അതിൽ വർദ്ധനവാണുണ്ടായത്. അത്കൊണ്ട് തന്നെ ടാർഗറ്റ് പൂർത്തിയാക്കാനും അവർക്ക് സാധിച്ചു. പാക്കിസ്ഥാനിൽ ഒന്നാം സ്ഥാനത്ത് ലാഹോറാണ്. കഴിഞ്ഞ വർഷത്തേക്കാൾ കറൻസിയുടെ അടിസ്ഥാനത്തിൽ ഏറ്റവും കൂടുതൽ വസൂലിയുടെ കാര്യത്തിൽ അറബ് രാജ്യമാണ് ഒന്നാം സ്ഥാനത്ത്. രണ്ടാം സ്ഥാനത്ത് ഇന്ത്യയാണ്. ഇവർ തങ്ങളുടെ ലോക്കൽ കറൻസിക്കനുസരിച്ച് വസൂലിയിൽ 40% വർദ്ധനവാണ് കരസ്ഥമാക്കിയത്. ഇന്ത്യയിലും എതിർപ്പുകൾ കൂടിവരികയാണ്. മുസ്ലിം ഭൂരിപക്ഷമുള്ള പല സ്ഥലങ്ങളിലും വളരെയധികം അഹ്മദികൾക്ക് ബുദ്ധിമുട്ട് അനുഭവിക്കേണ്ടിവരികയാണ്. എന്നാൽ ഇത് കാരണം സാമ്പത്തികത്യാഗത്തിൽ വേഗതയുണ്ടാക്കിയിരിക്കുന്നു. മൂന്നാം സ്ഥാനത്ത് ആസ്ട്രേലിയയാണ്. പിന്നെ യു.കെ,കാനഡ, സ്വിറ്റ്സർലണ്ട്, അമേരിക്ക, ബെൽജിയം എന്നിവയാണ്. വ്യക്തിപരമായ വസൂലിയിൽ അമേരിക്കയാണ് ഏറ്റവും മുന്നിൽ. പിന്നീട് സ്വിറ്റ്സർലണ്ട്, ദുബായ്, കബാബീർ എന്നിവയാണ്. ദുബായ് വ്യക്തിപരമായ വസൂലിയിൽ 62% (പൗണ്ട് അടിസ്ഥാനത്തിൽ) , കബാബീർ 60%. ശേഷം ജപ്പാൻ, ബ്രിട്ടൺ, ബഹറൈൻ, അയർലണ്ട്, ഫ്രാൻസ്, കാനഡ, ആസ്ട്രേലിയ എന്നിവയാണ്. കഴിഞ്ഞ കുറച്ച് വർഷങ്ങളായി ശ്രദ്ധിച്ച് വരുന്ന മറ്റൊരു കാര്യം, തഹ്രീകെ ജദീദ് അംഗങ്ങളുടെ അംഗസംഖ്യ വർദ്ധിപ്പിക്കുക എന്നതാണ്. പ്രത്യേകിച്ച് പുതിയ അഹ്മദികളും കുട്ടികളും ചെറിയ തുകയാണ് നൽകുന്നതെങ്കിലും അവരെ തീർച്ചയായും ഇതിൽ അംഗങ്ങളാക്കേണ്ടതാണ്. അതുകൊണ്ട് ജമാഅത്തുകൾ ഇക്കാര്യത്തിൽ ശ്രദ്ധപതിപ്പിച്ചിരിക്കുന്നു. എല്ലാ വർഷങ്ങളിലും അംഗങ്ങളിൽ വർദ്ധനവുണ്ടാകാറുണ്ട്. അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഇപ്പോൾ അംഗങ്ങളായി 6,22,000 ആയിരിക്കുന്നു. കഴിഞ്ഞ വർഷം അഞ്ച് ലക്ഷത്തിലധികമായിരുന്നു. ഈ വർഷം 30,000 വർദ്ധനവുണ്ടായിരിക്കുന്നു. ഇനിയും വർദ്ധനവുണ്ടാക്കാവുന്നതാണ്. ഇതിൽ ആഫ്രിക്കൻ രാജ്യങ്ങളിലുള്ളവർ തുച്ഛമായ തുകകൾ നൽകുകയാണെങ്കിൽ നവാഗതരാണെങ്കിലും അവരിൽ ചന്ദ നൽകുന്ന ശീലമുണ്ടാക്കേണ്ടതാണ്. ഇപ്രകാരം ഇനിയും വർദ്ധനവുണ്ടാക്കാവുന്നതാണ്. ഇതിൽ മുബല്ലിഗ്മാർക്കും ഉത്തരവാദിത്ത്വമുണ്ട്. അവരും ആളുകളുടെ ശ്രദ്ധ ഈ ഭാഗത്തേക്ക് ക്ഷണിക്കേണ്ടതാണ്. സാമ്പത്തിക ത്യാഗമുണ്ടെങ്കിൽ ജമാഅത്തുമായുള്ള ബന്ധവും സുദൃഢമാകുന്നതാണ്. അല്ലാഹുവുമായുള്ള ബന്ധവും വർദ്ധിക്കുമെന്നതിൽ സംശയമില്ല. ഇതിനെക്കുറിച്ച് അല്ലാഹു വിശുദ്ധഖുർആനിൽ പല സ്ഥലങ്ങളിലായി പറഞ്ഞിരിക്കുന്നു. അംഗ

സംഖ്യയെക്കുറിച്ചും വസൂലിയെക്കുറിച്ചും ഒരു കാര്യംകൂടി ഓർമ്മിക്കേണ്ടതുണ്ട്. അതായത്, പുതുതായി ജനിച്ച കുട്ടികൾ അല്ലെങ്കിൽ 2005 ന് ശേഷം ചന്ദ നൽകാൻ തുടങ്ങിയവരായ പുതിയ അഹ്മദികൾ, തഹ്‌രീകെ ജദീദിന്റെ അഞ്ചാം വകുപ്പിലാണ് (ദഫ്ത്തർ പൻചം) അവരെ ചേർക്കേണ്ടത് എന്ന് ദഫ്ത്തർ പൻചമിന് തുടക്കം കുറിച്ച വേളയിൽ ഞാൻ പറഞ്ഞിരുന്നു പാക്കിസ്ഥാനിൽ ഇക്കാര്യം ശ്രദ്ധിക്കാറുണ്ട്. മറ്റ് രാജ്യങ്ങളിലുള്ളവരും 2005 ന് ശേഷം ചന്ദ നൽകാൻ തുടങ്ങിയവരുടെ പേരിനോടൊന്നിച്ച് അഞ്ചാം വകുപ്പ് (ദഫ്ത്തർ പൻചം) എന്നെഴുതേണ്ടതാണ്. ഇത് ദുഷ്ക്കരമായ കാര്യമല്ല. അതിനായി സെക്രട്ടറിമാർ ചെറിയ പരിശ്രമം നടത്തേണ്ടതായി വരും. ആഫ്രിക്കൻ രാജ്യങ്ങളിൽ നൈജീരിയ മൊത്തം വസൂലിയുടെ കാര്യത്തിൽ ഒന്നാം സ്ഥാനത്താണ്. ഇവർ മുൻവർഷങ്ങളിൽ തഹ്‌രീകെ ജദീദിൽ അസാധാരണമായ പുരോഗതിയാണ് കാഴ്ചവെച്ചത്. അല്ലാഹു ഈ പുരോഗതിയെ ഇനിയും വർദ്ധിപ്പിക്കുമാറാകട്ടെ. കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് മൊത്തം വസൂലിയുടെ കാര്യത്തിൽ ഗാംബിയയും ഘാനയും മെച്ചപ്പെട്ട പ്രവർത്തനമാണ് കാഴ്ചവെച്ചത്. ഗാംബിയ 40%വും 30%വുമാണ്. എന്നാൽ ഘാനക്ക് ഇനിയും വർദ്ധനവുണ്ടാക്കാം. ഒന്നാം സ്ഥാനത്ത് എത്താനായി അംഗസംഖ്യയിലും വസൂലിയിലും ഘാന വർദ്ധനവുണ്ടാക്കേണ്ടതാണ്. അംഗസംഖ്യയുടെ കാര്യത്തിൽ സെറാലിയോൺ, ബെനിൻ, ബുർക്കിനഫാസോ, ഉഗാണ്ട, ഐവറികോസ്റ്റ്, നൈജർ ജമാഅത്തുകൾ നല്ല പ്രവർത്തനമാണ് കാഴ്ചവെച്ചത്. വക്കാലത്തെ മാൽ അവ്വലിന്റെ റിക്കാർഡ് പ്രകാരം മുജാഹിദീൻ ദഫ്ത്തർ അവ്വൽ മൊത്തം അംഗസംഖ്യ ഏറ്റവും ആദ്യം അതായത് 76 വർഷം മുമ്പ് അംഗങ്ങളായവരാണ്. അവരുടെ അംഗസംഖ്യ അയ്യായിരത്തിതൊള്ളായിരിത്തി ഇരുപത്തിയേഴാണ്. ഇവരിൽ 381 മുജാഹിദിൻമാർ ജീവിച്ചിരിക്കുന്നവരാണ്. സ്വയം ചന്ദ നൽകി വരുന്നു. ബാക്കി 5546 മർഹൂമീങ്ങളിൽ 3,224 പേരുടെ ചന്ദകൾ അവരുടെ അനന്തരാവകാശികൾ നൽകിവരുന്നു. 2224 മർഹൂമിങ്ങളുടെ പേരിൽ ജമാഅത്തിലെ വ്യക്തികൾ നൽകിവരുന്നു. അവർ യഥാർത്ഥ അനന്തരാവകാശികളല്ല. ഇപ്രകാരം ദഫ്ത്തർ അവ്വലിന്റെ കണക്ക് പ്രകാരം എല്ലാവരുടെ ചന്ദയും നൽകിവരുന്നു. ഈ ഒരാഗ്രഹം ഖലീഫ റാബിഅ് (റഹ്) പ്രകടിപ്പിച്ചിരുന്നു. പിന്നീട് ഞാനും പറഞ്ഞു. അതിന് രണ്ട് മൂന്ന് വർഷങ്ങൾക്ക് ശേഷം എല്ലാം തുടർന്ന് പോകുന്നു. പാക്കിസ്ഥാനിൽ മൂന്ന് വലിയ ജമാഅത്തുകളാണുള്ളത്. ഒന്നാമത് ലാഹോർ രണ്ടാമത് റബ്‌വ മൂന്നാമത്തേത് കറാച്ചി. മൊത്തം വസൂലിയുടെ കാര്യത്തിൽ അധികമായ സാമ്പത്തിക ത്യാഗത്തിൽ പങ്കെടുത്ത ജമാഅത്തുകളിൽ റാവൽ പിണ്ടി, ഇസ്‌ലാമാബാദ്, മുൽത്താൻ, ബഹാവൽപൂർ, മീർപൂർഖാസ്, നവാബ് ശാ, ഡേറാ ഗാസിഖാൻ, ജഹ്‌ലം ഘനേവാൾ, മണ്ടിബാഹാവുദ്ദീൻ. ലാഹോറിനെക്കുറിച്ച് ഞാൻ പറഞ്ഞിരുന്നു. ഈ ജമാഅത്ത് ജീവൻ ത്യാഗം ചെയ്ത കാര്യത്തിലും ഒന്നാം സ്ഥാനത്താണ്. ഒപ്പം സാമ്പത്തികത്യാഗത്തിലും ഉന്നത സ്ഥാനം കരസ്ഥമാക്കിയിരിക്കുന്നു. തഹ്‌രീകെ ജദീദിലും ലാഹോർ ഒന്നാം സ്ഥാനത്താണ്. ലാഹോർ ശുഹദാക്കളുടെ കാര്യത്തിലുള്ള ആ ദുഃഖം അവരെ നിരാശപ്പെടുത്തുകയോ പിന്നിലാക്കുകയോ ചെയ്തില്ല. അല്ലാഹുവിന്റെ അനുഗ്രഹത്താൽ ത്യാഗത്തിൽ കൂടുതൽ വേഗത കൈവന്നിരിക്കുകയാണ്. ജീവനെയും ധനത്തെയും സമയത്തെയും ത്യാഗം ചെയ്യുമെന്ന അവരുടെ പ്രതിജ്ഞ അവർ വളരെ നല്ല രീതിയിൽ പാലിച്ച് വരുന്നു. പാക്കിസ്ഥാനിലെ മറ്റ് ജമാഅത്തുകളും അപ്രകാരം തന്നെയാണ്. ഇവർക്ക് വലിയ അപകടകരമായ അവസ്ഥകളാണ് നേരിടേണ്ടി വന്നത്. അതുകൊണ്ടാണ് പ്രത്യേകം പറഞ്ഞത്. മെയ്‌ലെ സംഭവത്തിന് ശേഷം യുവാക്കളും ആരോഗ്യമുള്ള അൻസാറുകളും സ്ഥിരമായി ജമാഅത്തിനായി സമയം കണ്ടെത്തുന്നു. സമയത്തെ ത്യാഗം ചെയ്യുമെന്ന വാഗ്ദാനം അവർ പൂർത്തീകരിക്കുകയാണ്. ഇത്തരം സ്ഥലങ്ങളിൽ എപ്പോഴും ജീവന് ഭീഷണി നേരിടാറുണ്ട്. ഓരോ പാക്കിസ്ഥാനിയുടെയും ജീവൻ അപകടത്തിലാണ്. എന്നാൽ ഒരഹ്മദിയെ സംബന്ധിച്ചേടത്തോളം ഇരട്ടി ഭീഷണിയാണ്. ഒന്ന് പാക്കിസ്ഥാനിയായത് കൊണ്ടും മറ്റൊന്ന് അഹ്മദിയായത് കൊണ്ടും. ഈ അപായങ്ങളെ എത്രയും വേഗത്തിൽ നമ്മിൽ നിന്ന് നീക്കുമാറാകട്ടെ. എതിരാളികൾ മോശമായ പര്യവസാനത്തിലെത്തട്ടെ.

തഹ്‌രീകെ ജദീദിനെപ്പറ്റി വക്കാലത്തെ മാലിന്റെ ചില രാജ്യങ്ങളെക്കുറിച്ചുള്ള അഭിപ്രായം പറയുകയാണ്. അതായത് ചില ജമാഅത്തുകൾ കാര്യമായ ശ്രമം നടത്തുന്നില്ല. അവർ സ്വയം ചില പ്രോജക്ടുകൾ തയ്യാറാക്കിയിരിക്കുന്നു. പള്ളിക്ക് വേണ്ടി കാര്യങ്ങൾ നടക്കുകയാണ്, തഹ്‌രീഖ് ജദീദിലേക്കോ മറ്റ് പദ്ധതികളിലേക്കോ ശ്രദ്ധ തിരിച്ചാൽ ഈ പ്രൊജക്ടിനെ അത് ബാധിക്കും എന്നതാണ് അവരുടെ വിചാരം. എനിക്ക് മനസ്സിലാക്കാൻ കഴിയുന്നത് ഈ രാജ്യത്തെ സംഘാടകർ ജമാഅത്തംഗങ്ങളുടെ കാര്യത്തിലും ഏറ്റവും കൂടുതൽ അല്ലാഹുവിന്റെ കാര്യത്തിലും തെറ്റിദ്ധാരണയിലാണ്. തഹ്‌രീകെ ജദീദിന്റെ വലിയൊരു ഭാഗം രാജ്യങ്ങളിൽ നിന്ന് കേന്ദ്രത്തിലെത്തിക്കഴിഞ്ഞാൽ പിന്നെ അതിൽ വലിയൊരു ഭാഗം ആഫ്രിക്ക, ഇന്ത്യ എന്നീ രാജ്യങ്ങളുടെ കാര്യങ്ങൾക്കായി ചെലവഴിക്കപ്പെടുന്നു. അതുകൊണ്ട് മറ്റുള്ളവരുടെ സഹായത്തിനായി ഹൃദയം തുറക്കുകയാണെങ്കിൽ അല്ലാഹുവും അനുഗ്രഹിക്കുന്നതാണ്. നിങ്ങളുടെ പ്രൊജക്ടുകളിലും അനുഗ്രഹമുണ്ടാകും. ദരിദ്രരാജ്യങ്ങളിലേക്ക് നിങ്ങളുടെ ധനം പോകുമ്പോൾ അവിടെ പ്രവർത്തനം നടക്കുകയും പള്ളി നിർമ്മിക്കപ്പെടുകയും ചെയ്യും. അവരുടെ ദുആയിൽ നിങ്ങളും പങ്കാളികളാവുന്നതാണ്. അഹ്മദി അല്ലാഹുവിന് വേണ്ടിയാണ് ത്യാഗം ചെയ്യുന്നത്. ഇതിൽ വല്ല കുറവുമുണ്ടാകുന്നുവെങ്കിൽ ഭാരവാഹികളുടെ ഭാഗത്ത് നിന്നാണ് ഉണ്ടാകുന്നത്. അവരുടെ പ്രതീക്ഷ വർദ്ധിക്കുമ്പോൾ അനുഗ്രഹമുണ്ടാകും. നമ്മുടെ അവശ്യങ്ങൾ അല്ലാഹുവിന്റെ അനുഗ്രഹത്താൽ പൂർത്തിയായിവരുന്നു. അത് പൂർത്തിയാവുകതന്നെ ചെയ്യും. എന്നാൽ നിങ്ങൾ പങ്കാളികളായാൽ മാത്രമേ നിങ്ങൾക്ക് ആ അനുഗ്രഹങ്ങൾ സ്വരുക്കൂട്ടാൻ കഴിയുകയുള്ളൂ.

പാക്കിസ്ഥാനിലെ ജില്ലകളുടെ അടിസ്ഥാനത്തിലുള്ള പത്ത് ജില്ലകളിൽ സിയാൽകോട്ട്, സർഗോദ, ഗുജറാവാല, നാരോവാൾ, ഉമർകോട്ട്, ബഹാവൽ നഗർ, ഹൈദരാബാദ്, അഘാഡ, ഹാഫിസാബാദ്, ബദീൻ, മീർപൂർ, ആസാദ് കശ്മീർ. നല്ല പ്രവർത്തനം കാഴ്ചവെച്ച ജമാഅത്തുകൾ കെൻകോക്കർഗർബീ, ഹയാത്താബാദ്, കുൻരീ, സാംഘഡ്, മൂസെവാലാ,ലോദഢ, മിയാവാലി, ,ബക്കൽ, ഗുജർഖാൻ .യു.കെ യിലെ ആദ്യത്തെ പത്ത് ജമാഅത്തുകൾ മസ്ജിദ് ഫസൽ ഹൽഖ ഒന്നാം സ്ഥാനത്താണ്, ന്യൂ മോൾഡൻ, വെർസ്റ്റർ പാർക്ക്, സർബീറ്റൺ, വെസ്റ്റ്ഹിൽ (പുതിയതായി സ്ഥാപിതമായതാണ്) ചീം, മാഞ്ചസ്റ്റർ സൗത്ത്, റെയ്നസ്പാർക്ക്, ഗില്ലിംഗാം. ചെറിയ ജമാഅത്തുകളിൽ സ്ക്രൻതോർപ്പ്, കാംബ്രിഡ്ജ്, ബോൺമൗത്ത്, വോൾവർഹാംട്ടൻ, ലെവിശാം, ലീമിംഗ്ട്ടൻസ്പാ, ഹേർട്ടിലേ പൂൾ ബ്രിസ്റ്റൽ,നോർത്ത് വേൽസ്.

അമേരിക്കയിലെ ആദ്യത്തെ നാല് വലിയ ജമാഅത്തുകൾ സിലിക്കോൺവാലി, ഇൻലാൻഡ് എംപയർ, ഷിക്കാഗോ, ഡിട്രെയ്റ്റ്, ലോസ് ഏഞ്ചലസ് ഈസ്റ്റ്. ജർമ്മനിയിലെ ജമാഅത്തുകളിൽ ഹംബർഗ്, ഗ്രോസ്കോവ്, മാൻസ്വിസ്ബാദൻ, ഡാംസ്റ്റഡ്, ഡൈ വേഡ്. ചെറിയ ജമാഅത്തുകളിൽ ന്യൂഓക്സ്ബെർഗ്, നോർ ബെർഗ്, മഹ്ദീആബാദ്. കാനഡയിലെ ജമാഅത്തുകളിൽ നല്ല പ്രവർത്തനം കാഴ്ചവെച്ചത് പീസ് വില്ലേജ് ഈസ്റ്റ്, എഡ്മിൻട്ടൻ, പീസ് വില്ലേജ് സെന്റർ, പീസ് വില്ലേജ് വെസ്റ്റ്, കാൽഗറി നോർത്ത് വെസ്റ്റ്, പീസ് വില്ലേജ് സൗത്ത്.

ഇന്ത്യയിലെ ആദ്യ പത്ത് സംസ്ഥാനങ്ങളിൽ ഒന്നാം സ്ഥാനത്ത് കേരളമാണ്. 2.ആന്ധ്രപ്രദേശ് 3.ജമ്മു കശ്മീർ 4.തമിൾനാട് 5.കർണ്ണാടക, 6.ബംഗാൾ, 7.ഒറീസ്സ, 8.പഞ്ചാബ്, 9.യു.പി.,10.ലക്ഷദ്വീപ്. ആദ്യസ്ഥാനങ്ങളിലുള്ള പത്ത് ജമാഅത്തുകൾ ഇപ്രകാരമാണ്. ഹൈദറാബാദ്, കാലിക്കറ്റ്, ഖാദി

യാൻ, കൽക്കത്ത, കണ്ണൂർ ടൗൺ, ചെന്നൈ, കരുളായി, കോയമ്പത്തൂർ, ബാഗ്ലൂർ, ആസ്നൂർ എന്നിവയാണ്. അല്ലാഹു എല്ലാ ത്യാഗം ചെയ്തവരുടെയും ധനത്തിലും ജീവിതത്തിലും അനുഗ്രഹം ചൊരിയട്ടെ. സന്മാർഗ്ഗപ്രചരണത്തിന്റെ പൂർത്തീകരണത്തിനായി പ്രവർത്തിക്കുന്നവരുടെ ത്യാഗങ്ങളെ അഭിവൃദ്ധിയിലെത്തിക്കുമാറാകട്ടെ. ഹദ്റത്ത് മസീഹ് മൗഊദ് عليه السلام ന്റെ രണ്ട് ഉദ്ധരണികൾ ഞാൻ നിങ്ങളുടെ മുമ്പിൽ വെക്കുകയാണ്.

പറയുന്നു. ചന്ദ എന്നത് ഈ പ്രസ്ഥാനവുമായി മാത്രം ബന്ധപ്പെട്ട ഒന്നല്ല. നബിമാരുടെ കാലഘട്ടങ്ങളിലും ധനപരമായ ആവശ്യങ്ങളുടെ അവസരങ്ങളിൽ ചന്ദ സ്വരൂപിക്കപ്പെട്ടുപോന്നിരുന്നു. ഒരു ഘട്ടത്തിൽ ചെറിയ ഒരു സൂചന ലഭിച്ചാൽ ഉടനെ വീട്ടിലുള്ള മുഴുവൻ ധനവും മുമ്പിൽ വെക്കുമായിരുന്നു. നബി തിരുമേനി صلى الله عليه وسلم അരുൾ ചെയ്തു. കഴിവിനനുസരിച്ച് അല്ലാഹുവിന്റെ മാർഗ്ഗത്തിൽ ധനം നൽകേണ്ടതാണ്. തന്റെ കൽപനപ്രകാരം ആരാണ് കൂടുതൽ കൊണ്ടുവരിക എന്ന് പരിശോധിക്കാൻ വേണ്ടിയായിരുന്നു പറഞ്ഞത്. അബൂബക്കർ رضي الله عنه മുഴുവൻ ധനവും മുന്നിൽ കൊണ്ട് വന്ന് വെച്ചു. ഹദ്റത്ത് ഉമർ رضي الله عنه പകുതിയും കൊണ്ടുവന്നു. നബി صلى الله عليه وسلم പറഞ്ഞു, ഈ വ്യത്യാസം തന്നെയാണ് നിങ്ങളുടെ സ്ഥാനങ്ങളിലുമുള്ളത്. പറയുന്നു. തിരുസ്വഹാബക്കൾക്ക് ആദ്യമേ തന്നെ لَنْ تَنَالُوا الْبِرَّ حَتّٰى تُنْفِقُوا مِمَّا تُحِبُّوْنَ എന്ന കാര്യം പഠിപ്പിക്കപ്പെട്ടിരുന്നു. ഇത് ചന്ദ നൽകുന്നകാര്യത്തിലേക്കും ധനത്യാഗത്തിലേക്കുമാണ് സൂചന നൽകുന്നത്. ഇത് നാം അല്ലാഹുവിനോട് ചെയ്ത വാഗ്ദാനമായത് കൊണ്ട്തന്നെ അതിനനുസരിച്ച് പ്രവർത്തിക്കേണ്ടിയിരിക്കുന്നു. ഇതിന് വിരുദ്ധമായി പ്രവർത്തിക്കുന്നത് ധിക്കാരമാണെന്ന കാര്യമോർക്കുക. ഒരാളുടെ ചന്ദ കൊണ്ട് ഒന്നും സാദ്ധ്യമല്ല. വലിയ ഭരണകൂടങ്ങൾ പോലും ചന്ദയുടെ പിൻബലത്തിലാണ് പ്രവർത്തിക്കുന്നത്. ജനാധിപത്യത്തിലധിഷ്ഠിതമായ സഹായം കൊണ്ടാണ് അനുഗ്രഹമുണ്ടാകുന്നത്. എന്നാൽ ഭൗതിക ഭരണകൂടങ്ങൾ ബലാൽക്കാരപരമായ രീതിയിൽ ടാക്സ് ഈടാക്കുന്നു. എന്നാൽ ഇവിടെ നിങ്ങളുടെ ഇഷ്ടവും ആഗ്രഹവുമനുസരിച്ചാണ്. ചന്ദ നൽകുന്നത് കൊണ്ട് വിശ്വാസത്തിൽ വർദ്ധനവുണ്ടാകുന്നു. ഇത് സ്നേഹത്തിന്റെയും പരിശുദ്ധതയുടെയും പ്രവൃത്തിയാണ്.

പറയുന്നു, ഞാൻ നിങ്ങൾക്ക് സുവാർത്ത നൽകുന്നു! ദൈവസാമീപ്യം കരസ്ഥമാക്കാനുള്ള രംഗം ഒഴിഞ്ഞ് കിടക്കുകയാണ്. എല്ലാ ഓരോ സമുദായവും ഭൗതികതയെ പ്രണയിച്ചുകൊണ്ടിരിക്കുകയാണ്. ദൈവം പ്രീതിപ്പെടുന്ന കാര്യങ്ങളിലേക്ക് ലോകത്തിന് ഒരു ശ്രദ്ധയുമില്ല. സർവ്വശക്തിയോടും കൂടി ഈ കവാടത്തിൽ പ്രവേശിക്കാൻ ആഗ്രഹിക്കുന്നവർക്ക് വേണ്ടി അവരുടെ നൈപുണ്യം പ്രകടമാക്കുന്നതിനും, അല്ലാഹുവിൽ നിന്ന് പ്രത്യേക സമ്മാനം നേടുന്നതിനുമുള്ള സന്ദർഭമാണിത്.

അല്ലാഹു നിങ്ങളെ വ്യർത്ഥമാക്കുമെന്ന് നിങ്ങളൊരിക്കലും കരുതരുത്. നിങ്ങൾ ദൈവിക കരങ്ങളാൽ ഭൂമിയിൽ വിതയ്ക്കപ്പെട്ട ഒരു ബീജമാകുന്നു. ഈ ബീജം വളരുകയും പുഷ്പിക്കുകയും നാനാ ഭാഗങ്ങളിലേക്കും അതിന്റെ ശാഖകൾ പടർന്ന് പന്തലിക്കും വിധം ഒരു വടവൃക്ഷമായിത്തീരുകയും ചെയ്യുമെന്നും ദൈവം അരുൾ ചെയ്യുന്നു. ദൈവികവചനങ്ങളിൽ വിശ്വസിക്കുകയും ഇടക്ക് വെച്ചുണ്ടാകുന്ന ആപത്തുകളിൽ ഭയപ്പെടാതിരിക്കുകയും ചെയ്യുന്നവർ അനുഗ്രഹീതർ. പറയുന്നു, അവസാനം വരെ സഹനം കൈകൊള്ളുന്നവർ ആപത്തുകളുടെ ഭൂകമ്പങ്ങൾ ഉണ്ടായാലും അപകടങ്ങളുടെ കൊടുങ്കാറ്റുകൾ ആഞ്ഞടിച്ചാലും സമൂഹങ്ങൾ പരിഹസിക്കുകയും പുഛിക്കുകയും ചെയ്താലും ലോകം അതിനീചമായി വർത്തിച്ചാലും അവർ തന്നെയായിരിക്കും ഒടുവിൽ വിജയശ്രീലാളിതരായിത്തീരുന്നത്. അനുഗ്രഹങ്ങളുടെ കവാടങ്ങൾ അവർക്ക് മേൽ തുറക്കപ്പെടുന്നതാണ്. إِنْ شَاءَ اللّٰهُ

അല്ലാഹു നമുക്കേവർക്കും ഹദ്റത്ത് മസീഹ് മൗഊദ് عليه السلام ന്റെ പ്രതീക്ഷകൾക്കനുസരിച്ച് പ്രവർത്തിക്കാനുള്ള സൗഭാഗ്യം നൽകുമാറാകട്ടെ. നമുക്കായി വിധിക്കപ്പെട്ട വിജയങ്ങളെ നാം കാണുന്നവരാകട്ടെ. ആമീൻ

## PRINTED BOOKS

**To.**

**From.**
**Incharge Khutba Section**
**Majlis Khuddamul Ahmadiyya North Ilaqa**
**Baithul Quddoos G H Road Calicut -1**


വിവർത്തനം
എൻ ശഫീഖ് അഹ്മദ് പത്തപ്പിരിയം
മുബല്ലിഗ് കണ്ണൂർ സിറ്റി **PHONE :** 9895 109624

KHUTHBA:
**HADHRAT MIRZA MASROOR AHMAD** atba
**KHALIFATHUL MASIH - V**
**on 05 - 11 - 2010 at London**

Page Layout & Type Set: Majlis Khuddamul Ahmadiyya, Kozhikode
Published by : **Majlis Khuddamul Ahmadiyya, Kerala**